# നീട്ടിക്കിട്ടിയ ആയുസ്സ്

## ലൂക്കോസ് 13:08-09

**“അതിനു അവൻ കർത്താവേ ഞാൻ അതിനു ചുറ്റും കിളച്ചു വളം ഇടുവോളം ഈ ആണ്ടു കൂടെ നിൽക്കട്ടെ; മേലാൽ കായ്ച്ചെങ്കിലോ, ഇല്ലെങ്കിൽ വെട്ടിക്കളയാം എന്നുത്തരം പറഞ്ഞു.”**

മാനസാന്തരത്തെ കുറിച്ച് പ്രസംഗിക്കുന്ന അവസരത്തിൽ കർത്താവായ യേശുക്രിസ്തു അത്തിവൃക്ഷത്തെപ്പറ്റി പറഞ്ഞ വാക്കുകളാണ് നാം ഇവിടെ കാണുന്നത്. ഒരുവൻ തന്റെ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം നട്ടിരുന്നതായും, മൂന്നു സംവത്സരമായി അതിൽ ഫലം തിരഞ്ഞു വന്നിട്ടും കാണതിരുന്നപ്പോൾ, അതിനെ വെട്ടിക്കളയാനായി ഒരുങ്ങുന്നതായും നാം കാണുന്നു. എന്നാൽ വെട്ടിക്കളയാതവണ്ണം അതിനു ചുറ്റും കിളച്ച് വളമിട്ട്, ഒരു വർഷം കൂടി അവസരം കൊടുക്കാമെന്ന് തോട്ടക്കാരൻ പറയുന്നു.

ഈ ഉപമയിലൂടെ സൂക്ഷിച്ച് കണ്ണോടിച്ചാൽ വെട്ടിക്കളയാതവണ്ണം ആയുസ്സു നീട്ടിക്കിട്ടിയ അത്തിവൃക്ഷം നാം ഓരോരുത്തരുടെയും ജീവിതം തന്നെയാണ് എന്നു നമുക്ക് മനസ്സിലാക്കാൻ സാധിക്കും. മുന്തിരിത്തോട്ടത്തിന്റെ നടുവിൽ അത്തിവൃക്ഷം എന്ന പോലെ നമ്മെ ഓരോരുത്തരെയും കാൽവറി ക്രൂശിലെ രക്തത്താൽ വീണ്ടെടുത്ത് യോഗ്യതയില്ലാത്ത സ്ഥാനത്ത് നട്ടിരിക്കുമ്പോൾ, തീർച്ചയായും നമ്മെ നട്ടവൻ നമ്മിൽ നിന്ന് ഒരു ഫലം പ്രതീക്ഷിക്കുന്നുണ്ട് എന്നത് നിശ്ചയമാണ്. ഇന്നല്ലെങ്കിൽ നാളെ നാം ഫലം കായ്ക്കുമെന്ന് കരുതി കാത്തിരിക്കുന്ന ഒരു ദൈവത്തെയാണ് നാം ഇവിടെ കാണുന്നത്. മൂന്നു സംവത്സരമായി ഫലം കാണാതെ വന്നപ്പോളാണ് വെട്ടിക്കളയാമെന്ന് വിചാരിക്കുന്നത്. ഇവിടെയും നാം കാണുന്നത് കാരുണ്യവാനായ ദൈവത്തിന്റെ ദീർഘക്ഷമയും കരുതലുമാണ്. എന്നാൽ പലപ്പോഴും നാം ഇത് തിരിച്ചറിയുന്നില്ല എന്നതാണ് വാസ്തവം.

ജീവിതയാത്രയിൽ പലപ്പോഴായി ദൈവം കരുണ തോന്നി ചൊരിഞ്ഞു തന്ന അനുഗ്രഹങ്ങളും, അവസരങ്ങളും ഉപയോഗിച്ച് വളർന്ന് പന്തലിച്ചു എന്നതല്ലാതെ, ദൈവം ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കാനായി കഴിഞ്ഞില്ലെങ്കിൽ നാമും ഈ അത്തിയെപ്പോലെ, നിലത്തെ നിഷ്ഫലമാക്കി കളയുന്നവരാണ്. കാരണം നമുക്ക് ലഭിച്ച അവസരങ്ങൾ മറ്റൊരു വ്യക്തിക്കു ലഭിച്ചിരുന്നെങ്കിൽ അവനിൽ ഫലം ഉണ്ടാകുമായിരുന്നു. അതുകൊണ്ട് ഞാനും നിങ്ങളും ഈ അത്തിവൃക്ഷത്തെ പോലെ ആവരുതെന്ന് നമ്മുടെ ദൈവം ആഗ്രഹിക്കുന്നു.

ഓരോ പ്രാവശ്യവും വെട്ടാനായി കോടാലി വെയ്ക്കപ്പെട്ടപ്പോഴും പുത്രനായ യേശുവിന്റെ കാൽവറി യാഗത്താൽ നീട്ടിക്കിട്ടിയ ആയുസ്സല്ലാതെ മറ്റെന്തു യോഗ്യതയാണ് നമുക്ക് പറയാനുള്ളത്. ആ രക്തം നമ്മെ ഓരോ തവണയും പാപത്തിൽ നിന്ന് കഴുകി വിശുദ്ധീകരിച്ചു; എന്നിട്ടും തക്കതായ ഫലം കായ്ക്കാൻ ഒരുക്കമല്ലെങ്കിൽ ഒടുവിൽ നാമും വെട്ടിവീഴ്ത്തപ്പെട്ടേക്കാം എന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. നീട്ടിക്കിട്ടിയ ഓരോ ദിവസവും ഓരോ അവസരങ്ങളായി കണ്ടുകൊണ്ട് നമ്മെ നട്ടവന്റെ പ്രതീക്ഷക്കൊത്തുള്ള ഫലം കായ്ക്കാനായ് നമുക്കും കഴിയണെ എന്ന് പ്രാർത്ഥിക്കാം. നമ്മിലുള്ള അവസാന പ്രതീക്ഷ കൊണ്ടായിരിക്കാം, വീണ്ടും വീണ്ടും അവസരം തന്ന് ദൈവം നമ്മെ നിലനിർത്തിയിരിക്കുന്നത്. അതിനാൽ നമ്മുടെ ജീവിതത്തെ ഒന്ന് സ്വയം ശോധന ചെയ്ത് ഉപേക്ഷിക്കേണ്ടതിനെ ഉപേക്ഷിച്ച്, ഏറ്റെടുക്കേണ്ടതിനെ ഏറ്റെടുത്ത്, ആക്കിവെച്ചിരിക്കുന്ന സ്ഥലത്തെ നിഷ്ഫലമാക്കാതെ നല്ല ഫലം കായ്ക്കുന്നവരായി മാറാം. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:
മത്തായി 8:19–20

നല്ല ഫലം കായ്ക്കാത്ത വൃക്ഷം ഒക്കെയും വെട്ടി തീയിൽ ഇടുന്നു. ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 085